(ഡി&ഇ) ഇതിനെക്കുറിച്ച് പഠിക്കാൻ മുനിസിപ്പൽ ഭരണ ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. ടൗൺ പഞ്ചായത്തുകളാക്കാവുന്ന ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ മുനിസിപ്പൽ ഭരണ ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ഡി വിഭാഗത്തിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പ്ളസ് ടൂ കോഴ്സിന്റെ പബ്ളിക് പരീക്ഷയിൽ തോറ്റവർക്ക് നടത്തുന്ന പരീക്ഷ

30(*120) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ് ടൂ കോഴ്സിന്റെ പബ്ളിക് പരീക്ഷയിൽ ഒരു വിഷയത്തിന് തോൽക്കുന്നവർ ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്തുവെങ്കിൽ മാത്രമേ 45 ദിവസത്തിനുള്ളിൽ വീണ്ടും നടത്തുന്ന പരീക്ഷക്കിരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) ഓപ്പൺ സ്കൂളിൽ രജിസ്റ്റർചെയ്യാത്തവർക്ക് ഈ പരീക്ഷയ്ക്കിരിക്കുവാൻ അനുവാദം നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഒരു വിഷയത്തിനുമാത്രം തോൽക്കുന്നവർ ഓപ്പൺ സ്കൂളിൽ ചേർന്നു പഠിക്കുന്നതിന് നൽകേണ്ട ഫീസ് എത്രയാണ് ;

(ഡി) പ്ളസ് ടൂ പരീക്ഷയിൽ ഒരു വിഷയത്തിനു മാത്രം തോൽക്കുന്നവർക്കായി ഈ സൗകര്യം പരിമിതപ്പെടുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഒന്നിലധികം വിഷയങ്ങൾക്ക് തോറ്റവർക്ക് ഈ പരീക്ഷയ്ക്കിരിക്കുവാൻ സൗകര്യം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്ളസ് ടൂ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് ഒരു മാസത്തിന് ഉള്ളിൽ ആണ് ഈ പരീക്ഷ നടത്തുന്നത്. അതിനുള്ളിൽ ഒരു വിഷയം മാത്രം പഠിച്ച് എഴുതുന്നതിനുള്ള സമയമേ വിദ്യാർത്ഥികൾക്കു ലഭിക്കുന്നുള്ളൂ. കൂടാതെ ഒരു വിഷയത്തിൽ മാത്രം തോറ്റ ഒരു വിദ്യാർത്ഥിക്ക് ഉന്നതപഠനത്തിനുള്ള അവസരം നഷ്ടമാകരുത് എന്നും കരുതിയാണ് ഒരു വിഷയത്തിൽ മാത്രം തോൽക്കുന്നവർക്കായി ഈ സൗകര്യം പരിമിതപ്പെടുത്തിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്ളസ് ടൂ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ഈ പരീക്ഷ നടത്തുന്നതിനാൽ ഒന്നിലധികം വിഷയങ്ങൾക്ക് തോറ്റവർക്കു പഠിച്ചു എഴുതുന്നതിനുള്ള സമയം ലഭിക്കില്ല എന്നതുകൊണ്ടും ഒന്നിലധികം വിഷയങ്ങൾക്ക് ഒരു മാസത്തിനകം പരീക്ഷ നടത്തണം എന്നുള്ളതിനാലും ആണ് ഒന്നിലധികം വിഷയങ്ങൾക്ക് തോറ്റവർക്ക് ഈ പരീക്ഷയ്ക്ക് ഇരിക്കാൻ സാധിക്കാത്തത്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജനകീയാസൂത്രണ പദ്ധതിയുടെ വിലയിരുത്തൽ

1(384) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ജനകീയാസൂത്രണ പരിപാടി ഉദ്ദേശിച്ച നേട്ടം കൈവരിച്ചിട്ടില്ലായെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേട് നടത്തിയ എത്ര പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ജനകീയാസൂത്രണ പദ്ധതിയ്ക്കായി സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(എഫ്) സർക്കാർ അനുവദിച്ചിട്ടുള്ള ധനസഹായം തദ്ദേശ സ്ഥാപനങ്ങൾ ഫലപ്രദമായി ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പും പുരോഗതിയും വിലയിരുത്തുന്നതിനായി വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഫലപ്രദമായി ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly